**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 514** **10-07-2024 - ൽ മറുപടിയ്ക്ക്**

**നിരോധിത വലകളും ലൈറ്റുകളും ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ തീരക്കടലിൽ നിരോധിത വലകളും ലൈറ്റുകളും ഉപയോഗിച്ച് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന സംഘങ്ങളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും തമ്മിൽ സംഘർഷങ്ങൾ ഉണ്ടാകുന്നതായ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; | (എ) | തീരക്കടലിൽ നിരോധിത വലകളും ലൈറ്റുകളും ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന തദ്ദേശീയ യന്ത്രവൽകൃത യാനങ്ങളിലെ തൊഴിലാളികളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും തമ്മിൽ സംഘർഷത്തിലാകുന്നതായുള്ള റിപ്പോർട്ടുകൾ മുൻകാലങ്ങളിൽ ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും പട്രോളിംഗും നിരീക്ഷണവും ശക്തമാക്കുകയും ഇപ്രകാരം അനധികൃത മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ കെ.എം.എഫ്.ആർ ആക്ടും, റൂളും അനുശാസിക്കുന്ന വിധത്തിൽ നിയമ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ഇത്തരം സംഘങ്ങളുമായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾ സംഘർഷത്തിലാകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന ഇത്തരം സംഘങ്ങൾക്ക് യൂസേഴ്സ് ഫീ ചുമത്താറുണ്ടോ; | (ബി) | പുതിയ കെ.എം.എഫ്.ആർ ചട്ടങ്ങൾ ഉത്തരവായ 2018 സെപ്റ്റംബർ നു ശേഷം സംസ്ഥാനത്തു രജിസ്റ്റർ ചെയ്തിട്ടുള്ള യന്ത്ര വല്കൃത യാനങ്ങളിൽ 20 മീറ്റർ നു മുകളിൽ നീളമുള്ളതും 250 HP ക്കു മുകളിൽ എഞ്ചിൻ ക്ഷമതയുള്ളതുമായ തദ്ദേശീയ ബോട്ടുകൾക്കും അന്യ സംസ്ഥാന ബോട്ടുകൾക്കും 12 നോട്ടിക്കൽ മൈലിനുള്ളിൽ ഫിഷിംഗ് ലൈസൻസ് അനുവദിച്ചിട്ടില്ല. അതുകൊണ്ട് തന്നെ അത്തരം യാനങ്ങൾക്ക് 12 നോട്ടിക്കൽ മൈലിനുള്ളിൽ ഫിഷിംഗ് നടത്താൻ അനുവാദമില്ല. എന്നാൽ അവർക്ക് തീരക്കടലിലൂടെ സഞ്ചരിച്ച് ഹാർബറുകളി ലേക്ക് പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും വാർഷിക പെർമിറ്റ് ഫീസാണ് ഏർപ്പെടുത്തിയിട്ടുള്ളത്. യന്ത്രവല്കൃത യാനങ്ങളിൽ ട്രോൾ ബോട്ടുകൾക്ക് |

| | | | |
|---|---|---|---|
| | | | 25000/- രൂപയും, പരിഷ്കരിച്ചതും പരമ്പരാഗത വുമായതും ഇൻബോർഡ് എൻജിൻ ഉപയോഗിക്കുന്ന യാനങ്ങൾക്ക് 15000/- രൂപയും, ഔട്ട് ബോർഡ് മോട്ടോർ ഘടിപ്പിച്ചിട്ടുള്ള മറ്റ് പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് 5000/- രൂപയും ആണ് വാർഷിക പെർമിറ്റ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. |
| (സി) | ഇവരെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ? | (സി) | ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി നിയമ ലംഘനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും, മത്സ്യത്തൊഴിലാളി പ്രതിനിധികൾ, യാനമുടമകൾ, ലേലക്കാർ, സാമുദായിക സംഘടനകൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. അന്യ സംസ്ഥാന ബോട്ടുകൾക്ക് സംസ്ഥാനത്തിന്റെ തീരക്കടലിലൂടെ സഞ്ചരിച്ച് ഹാർബറുകളിൽ പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനും വാർഷിക പെർമിറ്റ് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്. കെ.എം.എഫ്.ആർ ആക്ട്, കെ.എം.എഫ്.ആർ റൂൾ എന്നിവയുടെ അടിസ്ഥാനത്തിൽ മത്സ്യബന്ധന യാനങ്ങളിൽ അവയെ നിരീക്ഷിക്കുന്നതിനുതകുന്ന തരത്തിലുള്ള ആട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം (AIS) / വെസ്സൽ മോണിറ്ററിങ് സിസ്റ്റം (VMS) ഘടിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ കടലിലേക്കും തിരിച്ചും ആശയ വിനിമയം/നിരീക്ഷണം നടത്താൻ കഴിയുന്ന ട്രാൻസ്പോണ്ടറുകൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ സംസ്ഥാനത്തെ മുഴുവൻ മത്സ്യബന്ധന യാനങ്ങളിലും ഘട്ടം ഘട്ടമായി സൗജന്യമായി സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും ആദ്യ ഘട്ടമായി 6000 യാനങ്ങളിൽ ആയത് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും, വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 റീജിയണൽ കൺട്രോൾ റൂമുകളും ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.<br><br>സംസ്ഥാനത്തെ പ്രധാന ഹാർബറുകളിലും നിരീക്ഷണം ശക്തമാക്കുന്നതിനായി CCTV സ്ഥാപിക്കുന്ന പദ്ധതി ഘട്ടം ഘട്ടമായി നടപ്പാക്കി |

| | | | |
|---|---|---|---|
| | | | വരുന്നു.  ഇതിനകം 10 ഹാർബറുകളിൽ പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു. വകുപ്പിന് കീഴിലുള്ള ബാക്കി 15 ഹാർബറുകളിൽ പദ്ധതി നടപ്പാക്കുന്നതിന് ഒരു സമ്പൂർണ്ണ പ്രൊപ്പോസൽ കെൽട്രോൺ മുഖാന്തരം തയാറാക്കുന്നതിനുള്ള നടപടികൾ ഫിഷറീസ് ഡയറക്ടർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ